# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2841. 20.12.2012 ൽ മറുപടിക്ക്

**ഉന്നതവിദ്യാഭ്യാസ രംഗത്തെ അന്തർ സംസ്ഥാന പരസ്പര സഹകരണ പദ്ധതികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.പി.സജീന്ദ്രൻ :<br>ശ്രീ.ഹൈബി ഈഡൻ :<br>ശ്രീ.വർക്കല കഹാർ :<br>ശ്രീ.കെ.ശിവദാസൻ നായർ : | ശ്രീ.പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) ഉന്നത വിദ്യാഭ്യാസ രംഗത്ത് അന്തർ സംസ്ഥാന പരസ്പര സഹകരണത്തോടെ പദ്ധതികൾ നടപ്പാക്കാൻ ധാരണ യായിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാമാണ് ; | (എ) സംസ്ഥാനത്തിനകത്തും പുറത്തുമുള്ള സർവ്വകലാശാലകൾ തമ്മിൽ അക്കാദമിക് കൈമാറ്റങ്ങൾ നടപ്പിലാക്കേണ്ടതിന്റെ ഭാഗമായി ഹ്രസ്വകാല അദ്ധ്യാപക കൈമാറ്റപദ്ധതികൾക്കായി മറ്റ് സംസ്ഥാനങ്ങളുമായി ധാരണയുണ്ടാക്കുന്നതിനുള്ള ഒരു പദ്ധതി സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ ആവിഷ്കരിച്ചിട്ടുണ്ട്. കേരളത്തിലെയും പശ്ചിമ ബംഗാളിലെയും ഉന്നത വിദ്യാഭ്യാസ കൗൺസിലുകൾ തമ്മിൽ 2009 ഫെബ്രുവരി 11 ന് കൊൽക്കത്തയിൽ നടത്തിയ കൂടിയാലോചനകളുടെ ഫലമായി ഒരു 'അദ്ധ്യാപക കൈമാറ്റ പദ്ധതി'ക്ക് (റ്റീച്ചർ എക്സ്ചേഞ്ച് പ്രോഗ്രാം ) ധാരണയായിരുന്നു. ഇതനുസരിച്ച് കേരളത്തിലെയും പശ്ചിമ ബംഗാളിലേയും സർവ്വകലാശാലകൾക്ക് കീഴിൽ വരുന്ന അദ്ധ്യാപകരെ അവരവരുടെ അദ്ധ്യാപനമികവുള്ള മേഖലകളിൽ 10 മുതൽ 15 ദിവസങ്ങൾവരെ ലക്ച്ചറുകൾ നടത്തുന്നതിനും വിദ്യാർത്ഥികളുമായി ഇടപഴകുന്നതിനുമായി ഇരു സംസ്ഥാനങ്ങൾ നടപടി സ്വീകരിക്കേണ്ടതാണ്. ഇതുവരെ കേരളത്തിലെയും പശ്ചിമ ബംഗാളിലെയും 7 അദ്ധ്യാപകർ ഈ പദ്ധതിയിൽ |

പങ്കെടുത്തിട്ടുണ്ട്. ഈ ദിശയിൽ കൂടുതൽ മുന്നേറ്റങ്ങൾ ഉണ്ടാക്കുന്നതിനായി പുനസംഘടിക്കപ്പെട്ട സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിൽ മറ്റ് സംസ്ഥാനങ്ങളിലെ ഉന്നത വിദ്യാഭ്യാസ കൗൺസിലുകളെ പങ്കെടുപ്പിച്ചുകൊണ്ട് ഒരു റൗണ്ട് ടേബിൾ കോൺഫറൻസ് 2012 ഒക്ടോബർ മാസത്തിൽ തിരുവനന്തപുരത്ത് സംഘടിപ്പിക്കുകയുണ്ടായി.

ബി) ഇതുകൊണ്ടുള്ള നേട്ടങ്ങൾ എന്തൊക്കെ യാണ്; വിശദമാക്കുമോ ;

(ബി) സംസ്ഥാനത്തിനകത്തും പുറത്തുമുള്ള സർവ്വകലാശാലകൾ തമ്മിൽ അക്കാദമിക കൈമാറ്റങ്ങൾ സാധിക്കുന്നു. ഇതുവഴി അദ്ധ്യാപകർക്കും, വിദ്യാർത്ഥികൾക്കും പരസ്പരം , പരിമിതികളും സാധ്യതകളും പങ്കുവയ്ക്കാൻ അവസരം ലഭിക്കുന്നു. കൂടുതൽ സംസ്ഥാനങ്ങളിലേയ്ക്ക് ഇതു വ്യാപിക്കുന്നതോടെ വിജ്ഞാന വ്യാപനത്തിന്റെ മാർഗം കൂടുതൽ സുതാര്യമാകുന്നു.

സി) ഇതു സംബന്ധിച്ച പദ്ധതിയുടെ രേഖ സംസ്ഥാനം മുമ്പോട്ട് വച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം ;

ഡി) മുമ്പോട്ട് വച്ച പദ്ധതിരേഖകളെക്കുറിച്ച് മറ്റു സംസ്ഥാനങ്ങളിലെ കൗൺസിലുകളുടെ പ്രതികരണമെന്താണ്; വിശദമാക്കുമോ ?

(സി) & (ഡി) 2012 ഒക്ടോബർ 13,14 തീയതികളിൽ തിരുവനന്തപുരത്ത് നടന്ന സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലുകളുടെ റൗണ്ട് ടേബിൾ കോൺഫറൻസിൽ പശ്ചിമബംഗാളുമായി കേരളം ഉണ്ടാക്കിയിട്ടുള്ള ധാരണ മുന്നോട്ടുവയ്ക്കുകയും ചർച്ചചെയ്യപ്പെടുകയുമുണ്ടായി. കോൺഫറൻസിൽ പങ്കെടുത്ത മറ്റ് ഉന്നത വിദ്യാഭ്യാസ കൗൺസിലുകളുടെ പ്രതിനിധികൾ ഇതു പൊതുവേ സ്വാഗതം ചെയ്യുകയും അതാത് കൗൺസിലുകൾ കൂടുതൽ ചർച്ച ചെയ്ത് പരിഗണിക്കുമെന്ന് അറിയിക്കുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ